# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 56** **26.04.2017-ൽ മറുപടിക്ക്**

**വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് മുൻകരുതൽ**

| | ചോദ്യം<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ സണ്ണി ജോസഫ്<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനം നേരിടുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (എ) | കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല ദീർഘകാല' കരാറുകൾ മുഖേന (ഡി. ബി. എഫ്. ഒ. ഒ. പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുക വഴി വെള്ളം വരും മാസങ്ങളിലേയ്ക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. അതു കൂടാതെ സംസ്ഥാനത്തിന് പുറത്ത് നിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ടിന്റെ റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ലഭിക്കുവാൻ ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘ കാലാടിസ്ഥാനത്തിൽ 06.12.2016-ൽ ലഭിച്ചു തുടങ്ങി. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള 200 മെഗാവാട്ട് വൈദ്യുതി ഹ്രസ്വകാല കരാർ പ്രകാരം ലഭിച്ചു തുടങ്ങി. കൂടാതെ 2017 മാർച്ച് മുതൽ മെയ് അവസാനം വരെ 100 മെഗാവാട്ട് 24 മണിക്കൂറും, 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ഹ്രസ്വകാല കരാർ പ്രകാരം ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്നു. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് |

| | | | |
|---|---|---|---|
| | | | ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.<br>ഊർജ്ജം സംരക്ഷിച്ച് വൈദ്യുതി കുറവ് നേരിടുക എന്ന ലക്ഷ്യത്തോടെ 25 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ കേരളത്തിൽ ഈ വേനൽക്കാലത്ത് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ DELP പദ്ധതിയിൽപ്പെടുത്തി ഒന്നരക്കോടി ബൾബുകൾ വിതരണം ചെയ്യാനായി ലക്ഷ്യമിടുന്നു. അവശേഷിക്കുന്ന 50 ലക്ഷം ബൾബുകളും കൂടി വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ ഊർജ്ജസംരക്ഷണ ബോധവൽക്കരണ കാമ്പയിനും നടത്തിയിട്ടുണ്ട്.<br>സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം ത്വരിത ഗതിയിലാക്കി ഈ വേനൽക്കാലത്ത് ഊർജ്ജക്കുറവ് പരിഹരിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. 2017 മാർച്ച് 31 വരെ 74.719 മെഗാവാട്ട് വൈദ്യുതി കേരള ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 9.9773 മെഗാവാട്ട് ഗ്രിഡ് ബന്ധിതമല്ലാത്ത പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുവാനും ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തിനു പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള വിവിധ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. വൈദ്യുതി കൊണ്ടുവരുന്നതിനായി കോറിഡോർ ലഭ്യത ആവശ്യമാണ്. 400 കെ.വി അരീക്കോട് സ്റ്റേഷനിലെ മൂന്നാമത്തെ ട്രാൻസ്ഫോർമർ താൽക്കാലികാടിസ്ഥാനത്തിൽ സ്ഥാപിച്ച് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ചെലവിലേക്ക് കെ. എസ്. ഇ. ബി. എൽ 3 കോടി രൂപ പവർ ഗ്രിഡിനു നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര പവർ മന്ത്രാലയത്തിലും പവർ ഗ്രിഡിലും സമ്മർദ്ദം ചെലുത്തി 2018-ലേക്ക് പണി പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന അംഗൾ-ശ്രീകാകുളം, വാർദ്ധ-നിസാമബാദ് 765 കെ.വി ലൈനുകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ഭാഗികമായി തുടങ്ങുകയും ചെയ്തു. |
| (സി) | കേന്ദ്ര വിഹിതമായി ലഭിക്കേണ്ട വൈദ്യുതി എത്രയാണെന്നും അധികവൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സംസ്ഥാനം കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | നിലവിൽ കേന്ദ്ര വൈദ്യുതോൽപ്പാദന നിലയങ്ങളിൽ നിന്നും പ്രതിദിനം ശരാശരി 1300 മെഗാവാട്ട് വൈദ്യുതിയാണ് കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നത്. താരതമ്യേന വിലക്കുറവുള്ള വൈദ്യുതി വാങ്ങൽക്കരാർ നിലവിലുള്ളതിനാൽ അധിക കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള കരാറുകളിൽ ഇപ്പോൾ ഏർപ്പെട്ടിട്ടില്ല. |

Hemalatha

സെക്ഷൻ ഓഫീസർ

അനുബന്ധം

# കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | |
| | ആകെ | 9.264372 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പാലക്കാട് 4 ആദിവാസി കോളനികൾ പണി പൂർത്തീകരിച്ചു. 1 എണ്ണം നടന്നു വരുന്നു. (ഡി.ഡി.ജി) | 0.01 | 0.037 മെഗാവാട്ടിന്റെ 4 കോളനികൾ പൂർത്തീകരിച്ചു | 108.39 |
| 2 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 764.86 |
| 3 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 382.089 |
| 4 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 5 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 6 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 7 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 8 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 9 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 10 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | വർക്ക് ഓർഡർ നൽകി | 369.3 |
| 11 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 228 |
| 12 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 13 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | **ആകെ** | **9.66** | | |

# ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചുളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 784 |
| 5 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 6 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| | ആകെ | 4.71 | |

## കാറ്റിൽ നിന്നുള്ള പദ്ധതികൾ

### A. നിലവിലുള്ളവ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ |
|---|---|---|---|
| 1 | കഞ്ചിക്കോട് | 2.025 (9 x 0.225) | കെ.എസ്.ഇ.ബി.എൽ |
| 2 | രാമക്കൽമേട് | 14.25 (19 x 0.750) | പ്രൈവറ്റ് |
| 3 | അഗളി | 18.60 (31 x 0.600) | പ്രൈവറ്റ് |
| 4 | കഞ്ചിക്കോട് | 8.40 (4 x 21) | പ്രൈവറ്റ് |

### B. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മൈക്രോവിൻഡ്, പൂവാർ | 1.00 | കെ.എസ്.ഇ.ബി എൽ | ടെൻഡർ നടപടികൾ ചെയ്യാൻ വേണ്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു |
| 2 | കഞ്ചിക്കോട് | സ്ഥാപിത ശേഷി 5.125 ആയി വർദ്ധിക്കും | കെ.എസ്.ഇ.ബി എൽ | നിലവിലുള്ള 0.225 MW ന്റെ 9 മെഷീനുകളിൽ 4 എണ്ണം നിലനിറുത്തുകയും 5 എണ്ണം മാറ്റി പകരം 0.85 MW X3 0.60 MW X2 എന്നിവ സ്ഥാപിക്കുകയും 2.5 MW X1 പുതിയ മെഷീൻ സ്ഥാപിക്കുകയും ചെയ്യുന്ന പദ്ധതി. |

Hemalatha
സെക്ഷൻ ഓഫീസർ